**പതിമൂന്നാംകേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3116** | **20.12.2012 - ൽ മറുപടിക്ക്**

## കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യൂ റ്റി.തോമസ്,<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ.സി.കെ.നാണു. | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കെ. എസ്. ടി. പി. രണ്ടാം ഘട്ട പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടോ; | (എ) . കേന്ദ്ര ധനമന്ത്രാലയത്തിന്റെ കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് അഫയേഴ്സിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം റോഡുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ താഴെപ്പറയുന്നവയാണ്:-<br>1. കാസറഗോഡ് – കാഞ്ഞങ്ങാട് റോഡ് - 27.76 കി.മീ.<br>2. പിലാത്തറ – പാപ്പിനിശ്ശേരി റോഡ് - 20.70 കി.മീ.<br>3. തലശ്ശേരി – വളവുപാറ റോഡ് -51.30 കി.മീ.<br>4. ചെങ്ങന്നൂർ- മൂവാറ്റുപുഴ റോഡ് - 90.00 കി.മീ.<br>5. പുനലൂർ-പൊൻകുന്നം-തൊടുപുഴ റോഡ് - 132 കി.മീ.<br>6. പെരുമ്പിലാവ് -പട്ടാമ്പി -പെരിന്തൽമണ്ണ റോഡ്. - 41 കി.മീ. |

| | | | |
|---|---|---|---|
| (സി) | ഏതെങ്കിലും പ്രവർത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ടോ; | (സി) | കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിന് ഭരണാനുമതി 2009 -ൽ തന്നെ നൽകിയിട്ടുണ്ട്. |
| (ഡി) | ടെണ്ടർ നടപടികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ഡി) | പിലാത്തറ – പാപ്പിനിശ്ശേരി, കാസറഗോഡ് - കാഞ്ഞങ്ങാട്, തലശ്ശേരി - വളവുപാറ എന്നീ റോഡുകളുടെ പണികൾക്ക് ടെണ്ടർ വിളിച്ചിരിക്കുകയാണ്. |
| (ഇ) | പ്രസ്തുത പദ്ധതിക്കായി എത്ര രൂപ ചെലവാകുമെന്നാണ് ഉദ്ദേശിക്കുന്നത്; | (ഇ) | കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിന് 1356 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുണ്ട്. എന്നാൽ 2012 SOR അനുസരിച്ച് ഇതിന്റെ അന്തിമ തുക തിട്ടപ്പെടുത്തിവരുന്നു. |
| (എഫ്.) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി പ്രവൃത്തികൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; | (എഫ്.) | ഉണ്ട്. |
| (ജി) | ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന പട്ടണങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ബൈപ്പാസ് നിർമ്മാണത്തിന് മുൻഗണന കൊടുക്കാൻ നിർദ്ദേശം നൽകുമോ? | (ജി) | ചെങ്ങന്നൂർ - മൂവാറ്റുപുഴ റോഡിലെ തിരുവല്ലാ ബൈപ്പാസ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ